(ഇ) ഈ കാലത്ത് മോഷ്ടിക്കപ്പെട്ടതോ അനധികൃതമായി വച്ചു കൊണ്ടിരുന്നതോ ആയ എത്ര പഞ്ചലോഹ വിഗ്രഹങ്ങളും മറ്റു ക്ഷേത്ര വിഗ്രഹങ്ങളും കണ്ടെടുത്തു ?

ഉത്തരം

(എ) '1503' മോഷണങ്ങൾ

(ബി) ക്ഷേത്രങ്ങളിൽ 1004
പള്ളികളിൽ 424
മോസ്കുകളിൽ 75
മറ്റു മതസ്ഥർ ഇല്ല

(സി) കേസ് അന്വേഷണം പൂർത്തിയായാൽ മാത്രമേ നഷ്ടത്തിന്റെ കണക്ക് പൂർണ്ണമായും ലഭ്യമാകുകയുള്ളൂ.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) 27 പഞ്ചലോഹ വിഗ്രഹങ്ങളും മറ്റു ക്ഷേത്രവിഗ്രഹങ്ങളും കണ്ടെടുത്തിട്ടുണ്ട്.

മദ്യദുരന്തത്തിനിടയാക്കിയ മദ്യം

149 (151) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുവാതുക്കൽ-പള്ളിക്കൽ മദ്യദുരന്തത്തിനിടയാക്കിയ മദ്യം സംസ്ഥാനത്ത് കൊണ്ടുവന്നതാരാണ് ;

(ബി) പ്രസ്തുത ആളിനെ പിടികിട്ടിയോ ;

(സി) ഇയാൾക്ക് കായംകുളവുമായുള്ള ബന്ധം എന്താണ് ;

(ഡി) ഇയാൾക്ക് കായംകുളത്ത് ആരെല്ലാമായി ബന്ധമുണ്ടെന്ന് അന്വേഷിച്ചുവോ ;

(ഇ) എങ്കിൽ അവിടെ ഇയാൾക്ക് ആരെല്ലാമായി ബന്ധമുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മദ്യദുരന്തത്തിനിടയാക്കിയ വിഷാംശം കലർന്ന മദ്യം മാംഗ്ലൂരിൽ നിന്ന് അനിൽകുമാർ എന്നയാളാണ് ആറ്റിങ്ങൽ-ചിറയിൻകീഴ് പ്രദേശത്ത് കൊണ്ടുവന്നത്.

(ബി) അറസ്റ്റു ചെയ്തു.

(സി) ഇയാളുടെ സ്വദേശം കായംകുളമാണ്.

(ഡി) അന്വേഷിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇയാൾ കായംകുളത്തെ അബ്കാരി കോൺട്രാക്ടറായ ദീപക് എന്ന ആളുടെ ജോലിക്കാരനായിരുന്നു.

കല്ലുവാതുക്കൽ വിഷമദ്യദുരന്തം

150 (152) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുവാതുക്കൽ വിഷമദ്യദുരന്തം സംബന്ധിച്ച ചാർജ്ഷീറ്റ് ഫയൽ ചെയ്തതെന്നാണ് ;

(ബി) ഈ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഈ കേസിൽ ഇനി പിടികിട്ടാനുള്ള പ്രതികൾ ആരെല്ലാമാണ് ;

(ഡി) ഇവരെ സംബന്ധിക്കുന്ന അന്വേഷണച്ചുമതലയുള്ള എസ്.പി. ആരായിരുന്നു ;

(ഇ) അദ്ദേഹത്തെ സ്ഥലംമാറ്റിയോ ; എങ്കിൽ അതിനുള്ള കാരണമെന്ത് ;

(എഫ്) ഇനി പിടികിട്ടാനുള്ളവരെ ഉടനടി അറസ്റ്റ് ചെയ്യാൻ എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 22-1-2001-ലാണ് ചാർജ്ഷീറ്റ് ഫയൽ ചെയ്തത്.

(ബി) എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല. ഒളിവിലുള്ള പ്രതികളെ അറസ്റ്റു ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) 1. കൊച്ചു സന്തോഷ് എന്ന സന്തോഷ്
2. വലിയ സന്തോഷ് എന്ന സന്തോഷ്
3. ഉഷ
4. സുഗതൻ
5. സുരേഷ്
6. മോൻകുട്ടൻ എന്ന ബിനു
7. അനിൽകുമാർ
8. രതി

(ഡി) പ്രതികളെ സംബന്ധിച്ച അന്വേഷണ ചുമതല എസ്പി നൽകിയിരുന്നില്ല. കേസ് അന്വേഷണച്ചുമതല ഐ.ജി.പി. ശ്രീ. സിബി മാത്യൂവിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിനാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പ്രത്യേക സംഘത്തെ നിയോഗിച്ച് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly